# KERALA POLICE INFORMATION CENTRE

No: 08/PR/PIC/PHQ/10 Date: 16.01.10

## പത്രക്കുറിപ്പ്

**ഇരുചക്ര വാഹനയാത്രക്കാർ ഹെൽമെറ്റ് ധരിച്ചാലും ചിൻസ്ട്രാപ്പ് ധരിക്കാതെ വാഹനം ഓടിക്കുന്നത് ഹെൽമെറ്റ് ധരിക്കാത്തതിനു തുല്ല്യം**

ഇരുചക്രവാഹനയാത്രക്കാർ ഹെൽമെറ്റ് ധരിച്ചാലും ചിൻസ്ട്രാപ്പ് ധരിക്കാതെ യാത്രചെയ്യുന്നത് ഹെൽമെറ്റ് ധരിക്കാതിരിക്കുന്നതിന് തുല്യമാണ്. പല ഇരുചക്ര വാഹന യാത്രക്കാരും ചിൻസ്ട്രാപ്പ് ധരിക്കാതെ ഹെൽമെറ്റ് ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അത്തരം യാത്രക്കാർക്കായി ഒരു ബോധവത്കരണപരിപാടി സംസ്ഥാനത്താകമാനം 05.12.2009 മുതൽ 16.12.2009 വരെ നടത്തുകയുണ്ടായി. ഇതിൽ നിന്നും സംസ്ഥാനത്ത് അഞ്ചിൽ ഒരു ഭാഗം ഇരുചക്രവാഹനയാത്രക്കാർ ഹെൽമെറ്റ് ധരിച്ചാലും ചിൻസ്ട്രാപ്പ് ധരിക്കുന്നതായി കാണുന്നില്ല എന്നു മനസ്സിലായി. ടി കാലയളവിൽ 50210 വാഹനങ്ങൾ പരിശോധിച്ചതിൽ 13812 ഇരുചക്രവാഹനയാത്രക്കാർ ഹെൽമെറ്റ് ധരിച്ചിട്ടും ചിൻസ്ട്രാപ്പ് ധരിക്കാതെ യാത്ര ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു. ~~അതുകൊണ്ട്~~ അപകടമുണ്ടായാൽ ഹെൽമെറ്റ് തെറിച്ചുപോകാനും തലയ്ക്കു പരിക്കേൽക്കാനും ഇതിടയാക്കുന്നു. ഇരുചക്ര വാഹനയാത്രക്കാർ നിർബന്ധമായും ഹെൽമെറ്റ് ധരിക്കാനും ധരിക്കുന്നവർ ചിൻസ്ട്രാപ്പ് യഥാവിധം ഉപയോഗിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കണം.

ഡയറക്ടർ ജനറൽ ഓഫ് പോലീസ്
കേരള

The contents of this document may be deemed to be based on received information which is subject to further verification